# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂലൈ 4, വ്യാഴം

**നമ്പർ 181**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 25-6-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4414-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്നതായി പറയപ്പെടുന്ന കസ്റ്റഡിമർദ്ദനങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. വയനാട് ജില്ലയിലെ ഭവനരഹിതരായ മുഴുവൻ ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 844/2019(i).

2. കള്ളസ് മാലിന്യങ്ങൾ ജല സ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയേണ്ടതിന്റെയും എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. പി. ജെ. ജോസഫ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കെ.എസ്.യു.പ്രവർത്തകരെ പോലീസ് മർദ്ദിച്ചത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ആന്റണി ജോൺ | യാക്കോബായ-ഓർത്തഡോക്സ് സഭാ തർക്കം | മുഖ്യമന്ത്രി |
| 3 | ഡോ. എം. കെ. മുനീർ | തൃശ്ശൂർ കറന്റ് ബുക്സിലെ പോലീസ് പരിശോധന | മുഖ്യമന്ത്രി |
| 4 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി കോടതി സമുച്ചയം | മുഖ്യമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഫീസ് | മുഖ്യമന്ത്രി |
| 6 | ശ്രീ. പി. ടി. എ. റഹീം | കുന്ദമംഗലം കോടതി കെട്ടിട നിർമ്മാണം | മുഖ്യമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം | മുഖ്യമന്ത്രി |
| 8 | ശ്രീ. ഐ. ബി. സതീഷ് | സർക്കാർ ഉടമസ്ഥതയിൽ ഇ-കോമേഴ്സ് ആരംഭിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. എസ്. ശിവകുമാർ | വേളി ടൂറിസ്റ്റ് വില്ലേജ് വികസനത്തിന് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. പി. ഉണ്ണി | ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 11 | ഡോ. എൻ. ജയരാജ് | പൊന്തൻപുഴ വനമേഖലയ്ക്ക് സമീപം കൈവശാവകാശ രേഖ ലഭിച്ചിട്ടുള്ള കർഷകർക്ക് പട്ടയം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 12 | ശ്രീ. എ. പി. അനിൽ കുമാർ | കരുവാരക്കുണ്ടിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 13 | ശ്രീ. പി. സി. ജോർജ് | മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ കർഷകർക്ക് കരം അടയ്ക്കുന്നതിനുള്ള തടസ്സം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 14 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 15 | ശ്രീ. പി. കെ. അബ്ദു റബ്ബ് | നന്നമ്പ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 16 | ശ്രീ. മുല്ലക്കര രത്നാകരൻ | കടയ്ക്കൽ മാറ്റിടാംപാറ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 17 | ശ്രീ. വി. ജോയി | അഞ്ചുതെങ്ങ് മേഖലയിലെ കയർ പ്രതിസന്ധി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 18 | ശ്രീമതി സി. കെ. ആശ | കന്യാസുരക്ഷ പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | ശ്രീ. സജി ചെറിയാൻ | ഉത്തൃട്ടാതി വള്ളംകളിക്ക് ധനസഹായം അനുവദിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 20 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് കിഫ്ബിയുടെ ഭരണാനുമതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 21 | ശ്രീ. കെ. സി. ജോസഫ് | പച്ചത്തേങ്ങാ സംഭരണം | കൃഷി വകുപ്പുമന്ത്രി |
| 22 | ശ്രീ. മോൻസ് ജോസഫ് | കാർഷികവായ്പകൾ എഴുതി തള്ളുന്നത് | കൃഷി വകുപ്പുമന്ത്രി |
| 23 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | സിനിമയിലെ ജൂനിയർ ആർട്ടിസ്റ്റുകൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 24 | ശ്രീ. ഡി. കെ. മുരളി | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 25 | ശ്രീ. എസ്. ശർമ്മ | സർക്കാർ ആശുപത്രികളിലെ റേഡിയോഗ്രാഫർ തസ്തിക | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | ശ്രീ. റ്റി. വി. രാജേഷ് | കണ്ണൂർ മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ ട്രോമാ കെയർ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 27 | ശ്രീ. എ. എൻ. ഷംസീർ | കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്കൂൾ കൗൺസിലർമാരുടെ വേതനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 28 | ശ്രീ. കെ. ഡി. പ്രസേനൻ | ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 29 | ശ്രീ. സി. കൃഷ്ണൻ | ആശാ വർക്കർമാർ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 30 | ശ്രീ. എം. വിൻസെന്റ് | പൂല്ലുവിള സാമൂഹ്യാരോഗ്യ കേന്ദ്രം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 31 | ശ്രീ. എം. നൗഷാദ് | കൊല്ലം ബൈപ്പാസിലെ അപകടങ്ങൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 32 | ശ്രീ. റോജി എം. ജോൺ | വേങ്ങൂർ-നായത്തോട് റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | ശ്രീ. എം. രാജഗോപാലൻ | കാസർഗോഡ് നാഷണൽ സ്റ്റീൽ പാർക്ക് ആരംഭിക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 34 | ശ്രീ. സി. ദിവാകരൻ | തൊഴിൽ വകുപ്പിന് കീഴിൽ നെടുമങ്ങാട് ഐ.ടി.ഐ. ആരംഭിക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 35 | ശ്രീ. എം. സ്വരാജ് | പൂത്തോട്ടയിൽ വള്ളം കളി മത്സരം നടത്തുന്നത് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 36 | ശ്രീ. യു. ആർ. പ്രദീപ് | കുത്താമ്പുള്ളി ടൂർ പാക്കേജ് സംബന്ധിച്ച് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 37 | ശ്രീ. കെ. എൻ. എ. ഖാദർ | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 38 | ശ്രീമതി പി. അയിഷാ പോറ്റി | മൈലം ഗ്രാമപഞ്ചായത്തിലെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 39 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി ഗവ. എൽ.പി.സ്കൂളിനെ യു.പി.സ്കൂളായി ഉയർത്തുന്നത് | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 40 | ശ്രീ. വി. പി. സജീന്ദ്രൻ | അമ്പലമേട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | ശ്രീ. ബി. ഡി. ദേവസ്സി | അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിലെ പുനർ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 42 | ശ്രീ. സി. കെ. ശശീന്ദ്രൻ | മലയോര ഹൈവേയ്ക്ക് വനമേഖലയിലെ സർവ്വേ നടപടികൾ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 43 | ശ്രീ. അബ്ദുൽ ഹമീദ്. പി. | വള്ളിക്കുന്നിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 44 | ശ്രീ. മുരളി പെരുനെല്ലി | വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിനുള്ള വാടക | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

*I. (i)ചട്ടം 166 (1) പ്രകാരമുള്ളവ :*

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 381/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1312/2019/ഹോം | 20-5-2019 |
| 2 | 383/2019 | 32725/എസ്എസ്എ 2/2016/ആഭ്യന്തരം | 26-3-2019 |
| 3 | 367/2019 | ജി.ഒ.(പി.) നമ്പർ 29/2019/ആർഡി. | 30-5-2019 |
| 4 | 382/2019 | ജി.ഒ.(പി.) നമ്പർ 52/2019/ഫിൻ. | 3-5-2019 |
| 5 | 357/2019 | ജി.ഒ.(പി.) നമ്പർ37/2019/എൽബിആർ. | 12-5-2019 |
| 6 | 364/2019 | ജി.ഒ.(പി.) നമ്പർ 23/2019/എൽബിആർ. | 22-3-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | 371/2019 | ജി.ഒ.(പി.) നമ്പർ 32/2019/എൽബിആർ. | 9-4-2019 |
| 8 | 372/2019 | ജി.ഒ.(പി.) നമ്പർ 34/2019/എൽബിആർ. | 20-4-2019 |
| 9 | 376/2019 | സ.ഉ.(അച്ചടി) നമ്പർ 40/2019/തൊഴിൽ | 28-5-2019 |
| 10 | 379/2019 | ജി.ഒ.(പി.) നമ്പർ 42/2019/എൽബിആർ. | 29-5-2019 |
| 11 | 380/2019 | ജി.ഒ.(പി.) നമ്പർ 43/2019/എൽബിആർ. | 30-5-2019 |
| 12 | 397/2019 | ജി.ഒ.(പി.) നമ്പർ 46/2019/എൽബിആർ. | 8-6-2019 |
| 13 | 398/2019 | ജി.ഒ.(പി.) നമ്പർ 47/2019/എൽബിആർ. | 8-6-2019 |
| 14 | 363/2019 | ജി.ഒ.(പി.) നമ്പർ 54/2019/കോ-ഓപ്പ്. | 24-5-2019 |
| 15 | 378/2019 | ജി.ഒ.(പി.) നമ്പർ 55/2019/കോ-ഓപ്പ്. | 24-5-2019 |
| 16 | | ജി.ഒ.(എം.എസ്) നമ്പർ 58/2016/ആർഡി. | 27-1-2016 |
| 17 | | ജി.ഒ.(എം.എസ്) നമ്പർ 74/2018/ആർഡി. | 27-2-2018 |

*(ii)വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 2 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 3 | ജസ്റ്റീസ് (റിട്ട.) സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് (വിഴിഞ്ഞം സീപോർട്ട് പ്രോജക്ട്) | | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും |
| 4 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 2009-10 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 6 | റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് |
| 7 | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2013-14<br>2014-15 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 8 | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 9 | മഹാത്മാ ഗാന്ധി സർവ്വകലാശാല (വാല്യം I& II) | 2018 | വാർഷിക റിപ്പോർട്ട് |

*II. ചട്ടം 47(2) പ്രകാരമുള്ളവ :*

| അസംബ്ലി | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യ നമ്പർ |
|---|---|---|
| 13 | 10 | 3493 |
| 14 | 11 | 1348 |
| 14 | 13 | 22, 2402, 2809, 3866 |
| 14 | 15 | 532 |

*III. ചട്ടം 236(6) പ്രകാരമുള്ളവ :*

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം ഖണ്ഡിക നമ്പർ |
| 1 | 2 | 3 |
| XXIX — കൃഷി | 2013-14 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്) |

| 1 | 2 | 3 |
|---|---|---|
| | 2013-14 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ) |
| | 2014-15 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ) |
| | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ) |
| | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്) |
| | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്) |
| II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| XII — പോലീസ് | 2018-19 | വിജിലൻസ് വകുപ്പ് |
| XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ-3454 | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യം (സെൻസസ് സർവ്വേയും സ്ഥിതി വിവരക്കണക്കുകളും) |
| XXXVII — വ്യവസായങ്ങൾ-2852 | 2018-19 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (ആനുവൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ്) |

| 1 | 2 | 3 |
|---|---|---|
| XXXVII — വ്യവസായങ്ങൾ | 2018-19 | വ്യവസായ വകുപ്പ് (സെയിൽ-എസ്. സി. എൽ. കേരള ലിമിറ്റഡ്) |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

2) 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തി മൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

4) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

5) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

<u>സ്പീക്കറുടെ റൂളിംഗ്</u> :

I. (ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. പി. ടി. തോമസ് എന്നിവരുടെ ക്രമപ്രശ്നങ്ങൾ) ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ചെയർ വിശദമായി പരിശോധിച്ചു. ഈ സമ്മേളനത്തിൽ പതിനൊന്ന് മന്ത്രിമാർ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കിയിട്ടുള്ളതായാണ് കാണുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ നൽകുന്നതിൽ പുരോഗതിയുണ്ടായിട്ടില്ല എന്ന വാദം പൂർണ്ണമായും ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നല്കാനുള്ളവയെന്ന് ബഹുമാനപ്പെട്ട അംഗം നോട്ടീസിൽ ചൂണ്ടിക്കാട്ടിയതിൽ 28-5-2019-ാം തീയതിയിലേതൊഴിച്ച് ഇത്രയധികം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പെൻഡിംഗിലില്ല. എന്നാൽ ചില ദിവസങ്ങളിലെ കുറച്ച് ഉത്തരങ്ങൾ പെൻഡിംഗ് കാണുന്നുമുണ്ട്. പെൻഡിംഗ് അടിയന്തരമായി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്.

ഉത്തരങ്ങൾ നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച് ഇതിന് മുമ്പും ചെയർ റൂൾ ചെയ്തിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 16-3-2019-ൽ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും യഥാസമയം എല്ലാ ചോദ്യങ്ങളുടെയും ഉത്തരം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

II. (ശ്രീ. എം. ഉമ്മറിന്റെ ക്രമപ്രശ്നം) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിലെ വ്യവസ്ഥപ്രകാരം രൂപീകൃതമായ ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക സംബന്ധിച്ച 28-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റിതലത്തിലോ പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച വിശദമായ ചർച്ച സഭാതലത്തിലോ നടക്കുന്നില്ല എന്നും സംസ്ഥാന ഗവൺമെന്റിന്റെ ഔദ്യോഗിക ആഡിറ്റ് അതോറിറ്റികളൊന്നും തന്നെ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ സമഗ്രമായി ആഡിറ്റിംഗിന് വിധേയമാക്കുന്നില്ല എന്നും തന്മൂലം എക്സിക്യൂട്ടീവിന്റെ സാമ്പത്തിക കാര്യങ്ങളിന്മേൽ ലെജിസ്ലേച്ചറിനുള്ള ഭരണഘടനാദത്തമായ പരിശോധനാധികാരം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ നിയമസഭ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കകത്തുനിന്ന് മാത്രമാണ് കിഫ്ബിയുമായി ബന്ധപ്പെട്ട കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിലെ വ്യവസ്ഥപ്രകാരം രൂപീകൃതമായ ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക സംബന്ധിച്ച 28-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റിതലത്തിലോ പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച വിശദമായ ചർച്ച സഭാതലത്തിലോ നടക്കുന്നില്ല എന്നും സംസ്ഥാന ഗവൺമെന്റിന്റെ ഔദ്യോഗിക ആഡിറ്റ് അതോറിറ്റികളൊന്നും തന്നെ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ സമഗ്രമായി ആഡിറ്റിംഗിന് വിധേയമാക്കുന്നില്ല എന്നും തന്മൂലം എക്സിക്യൂട്ടീവിന്റെ സാമ്പത്തിക കാര്യങ്ങളിന്മേൽ ലെജിസ്ലേച്ചറിനുള്ള ഭരണഘടനാദത്തമായ പരിശോധനാധികാരം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ നിയമസഭ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കകത്തുനിന്ന് മാത്രമാണ് കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം നടത്തുന്നതെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) രൂപീകരിച്ചിട്ടുണ്ടെന്നും ബോർഡിന്റെ

ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റും ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായിട്ടാണ് വിനിയോഗിച്ചതെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ഫിഡിലിറ്റി സർട്ടിഫിക്കറ്റും സഭയുടെ മേശപ്പുറത്തുവച്ചു വരുന്നതായും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടിയായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതോടൊപ്പം കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവിനങ്ങളുടെ ഓഡിറ്റിംഗ് ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ നിർവ്വഹിച്ചുവരുന്നതായും ആക്ടിലെ 15, 16 വകുപ്പുകൾ പ്രകാരം കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും നിയമപരമായി ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക കണക്കുകളും ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടും സഹിതം എല്ലാവർഷവും നിയമസഭയുടെ മേശപ്പുറത്തുവച്ചു വരുന്നതായും അതിനുപുറമേ സംസ്ഥാന ഗവൺമെന്റിന്റെ ഓഡിറ്റ് അതോറിറ്റിയായ C&AG-യുടെ ഓഡിറ്റിംഗും സമാന്തരമായി ചെയ്തുവരുന്നതായും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി.

ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റിതലത്തിലുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, അതിനുശേഷമുള്ള സഭയിലെ ചർച്ചയും വോട്ടെടുപ്പും, ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ചുള്ള ധനകാര്യ സമിതികളുടെ പരിശോധന എന്നിവ സംബന്ധിച്ച് കിഫ്ബിയുമായുള്ള സാധ്യതകൾ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അംഗം തന്റെ ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ " ധനാഭ്യർത്ഥന നമ്പർ 28- പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന ശീർഷകത്തിലാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിവരുന്നത്. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച 8-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാകുന്ന പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച് സമിതിതലത്തിൽ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനും സമിതി അംഗങ്ങൾക്ക് അവസരം ലഭിക്കുന്നില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ വാദം വസ്തുതാപരമായി ശരിയല്ലെന്നാണ് കാണുന്നത്. ചട്ടപ്രകാരം ഈ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ശിപാർശകൾ നൽകുവാനുള്ള എല്ലാ അധികാരവും സമിതിക്കുണ്ട്. അതിൻപ്രകാരം ഇക്കഴിഞ്ഞ കാലങ്ങളിലൊക്കെത്തന്നെ സബ്ജക്ട് കമ്മിറ്റി തലത്തിൽ ഈ ധനാഭ്യർത്ഥന പരിശോധനാ വിധേയമാക്കിയിട്ടുണ്ടെന്നാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

എന്നാൽ പലവക സാമ്പത്തിക സർവ്വീസുകൾ എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സഭയിൽ ചർച്ചയോ വോട്ടെടുപ്പോ നടക്കുന്നില്ല എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമാണ്. ഒരു കീഴ്വഴക്കമെന്ന നിലയിൽ നമ്മുടെ

സഭയിൽ അനുവർത്തിച്ചുവരുന്ന നടപടി ക്രമപ്രകാരം മേൽപ്പറഞ്ഞ ധനാഭ്യർത്ഥന ഉൾപ്പെടെ എട്ടോളം ധനാഭ്യർത്ഥനകൾ ചർച്ചയോ വോട്ടെടുപ്പോ കൂടാതെയാണ് നമ്മുടെ സഭ പാസ്സാക്കുന്നത്. കിഫ്ബി പോലെ സുപ്രധാനമായ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രൊപ്പോസലുകൾ അടങ്ങുന്ന ധനാഭ്യർത്ഥനകൾ സാമ്പ്രദായികവും സാങ്കേതികവുമായ കാരണങ്ങളുടെ പേരിൽ വേണ്ടത്ര ചർച്ച കൂടാതെ സഭ പാസ്സാക്കുന്ന രീതി പുനഃപരിശോധിക്കപ്പെടേണ്ടതാണെന്ന് തന്നെയാണ് ചെയറിന്റെയും പക്ഷം. ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണം അടുത്തവർഷം മുതൽ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നുകൂടി ചെയർ ഇത്തരുണത്തിൽ സഭയെ അറിയിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച മറ്റൊരു സുപ്രധാന വിഷയം കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച ഓഡിറ്റിംഗ് സമ്പ്രദായത്തിലെ അപാകതയെക്കുറിച്ചാണ്. ആക്ടിലെ വ്യവസ്ഥകൾക്കും C&AG-യുടെ ഓഡിറ്റ് നിയമങ്ങൾക്കും വിധേയമായിട്ടുള്ളതും ശക്തവും സുതാര്യവുമായ ഒരു ഓഡിറ്റിംഗ് സമ്പ്രദായമാണ് കിഫ്ബിയിൽ നടപ്പാക്കിയിരിക്കുന്നതെന്നും ഇതുസംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ലെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചത്. വസ്തുതാപരമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശരിയാണെന്ന് കാണുന്നു. വിപുലവും അതിസങ്കീർണവുമായ പ്രക്രിയയും പ്രവർത്തന സംവിധാനങ്ങളും ഉൾക്കൊള്ളുന്ന കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ കിഫ്ബി തന്നെ രൂപീകരിക്കുന്ന ഒരു സ്വതന്ത്ര ഓഡിറ്റ് നിരീക്ഷണ സംവിധാനമായ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) ഓഡിറ്റ് നടത്തുന്നതും അതിനുശേഷം പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതും നിയമാനുസൃതമാണെങ്കിൽപ്പോലും, സഭയുടെയോ സഭാസമിതികളുടെയോ സ്ക്രൂട്ടിനിക്ക് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകൾ വിധേയമാകുന്നില്ല എന്നത് ഒരു വലിയ പോരായ്മയായിത്തന്നെ കാണേണ്ടി വരുമെന്നാണ് ചെയറിന്റെ നിരീക്ഷണം. ഏതൊരു സ്ഥാപനത്തിന്റെയും വിശ്വാസ്യത എന്നത് ധനസംബന്ധമായ കാര്യങ്ങളിൽ പുലർത്തുന്ന നിതാന്ത ജാഗ്രതയും സൂക്ഷ്മതയും സുതാര്യതയും തന്നെയാണ്. അപ്രകാരം നോക്കുകയാണെങ്കിൽ കിഫ്ബി പോലുള്ള സ്ഥാപനത്തിന്റെ ധനസംബന്ധമായ കാര്യങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ചതിനുശേഷം നിയമസഭയുമായി ബന്ധപ്പെട്ട സമിതികൾക്ക് അവ പരിശോധനയ്ക്ക് അവസരം കൂടി ലഭിക്കുകയാണെങ്കിൽ അതുവഴി സ്ഥാപനത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നിലനിർത്തുവാൻ കഴിയും എന്നാണ് ചെയറിന്റെ ബലമായ വിശ്വാസം.

എന്നാൽ അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചില ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ അത് ഒഴിവാക്കുന്നതിനായി

കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാ സമിതികൾക്ക് പരിശോധിക്കുവാൻ കഴിയത്തക്കവിധം സഭയുടെ നടപടിക്രമം ക്രമീകരിക്കേണ്ടതുണ്ട്. അതുവഴി എക്സിക്യൂട്ടീവിന് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കാനും സാമ്പത്തിക കാര്യങ്ങളിൽ ലെജിസ്ലേച്ചറിനുള്ള പരിശോധനാധികാരം ചോർന്നുപോകാതെ സംരക്ഷിക്കപ്പെടാനും കഴിയുമെന്ന് ചെയർ നിരീക്ഷിക്കുന്നു. അതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ സഭയെ അറിയിക്കുകയും ചെയ്യുന്നു.

<u>ഗവൺമെന്റ് പ്രമേയം (ചട്ടം 118)</u> :

മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം താഴെക്കൊടുക്കുന്നു:

മനുഷ്യത്വത്തിനെതിരായ നിഷ്ഠൂരമായ കുറ്റകൃത്യമാണ് ആൾക്കൂട്ട കൊലപാതകം. ആൾക്കൂട്ട കൊലപാതകത്തിന്റെ വലിയ ഒരു പ്രത്യേകത അത് നീതി നിർവ്വഹണാധികാരം ഒരു കൂട്ടമാളുകൾ നിയമവിരുദ്ധമായി കയ്യേൽക്കുന്നു എന്നതാണ്. സമൂഹത്തിൽ അധീശാധികാരമുള്ള ഒരു വരേണ്യവിഭാഗം അവരുടെ താൽപര്യ നിർവ്വഹണത്തിനായി വിയോജന നിലപാടുകളുള്ളവരെ ഉന്മൂലനം ചെയ്യാനുള്ള ഉപാധിയായി ഇതിനെ മാറ്റുന്നു. നീതിന്യായ വ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരുസമൂഹത്തിലും ആൾക്കൂട്ടങ്ങൾക്ക് നിയമം കൈയിലെടുക്കാനുള്ള അവകാശമില്ല.

ഇന്ത്യയിൽ പലയിടത്തും അടുത്തകാലത്ത് ആൾക്കൂട്ടം നിയമം കൈയിലെടുക്കുന്നതും തങ്ങൾക്ക് തോന്നുംപ്രകാരം നിയമവിരുദ്ധമായി തങ്ങളുടെ താൽപ്പര്യങ്ങൾ നിർബ്ബാധം നടത്തിയെടുക്കുന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെട്ടുപോകുന്നതും നാം കാണുന്നു. ഇത് ഇന്ന് ആശങ്കാജനകമായ ഒരു തലത്തിലേക്ക് വളർന്നുനിൽക്കുന്നു.

നിരപരാധികളായവരെ തെറ്റുചെയ്തവരെന്ന് മുദ്രയടിച്ച് കൊല്ലുന്ന സംഭവങ്ങൾ ആവർത്തിക്കാൻ അനുവദിച്ചാൽ ജനാധിപത്യ-നീതിന്യായ-ക്രമസമാധാന സംവിധാനങ്ങൾ സമ്പൂർണമായി തകരും. മനുഷ്യാവകാശങ്ങൾ മുതൽ പൗരാവകാശങ്ങൾ വരെ ഇല്ലാത്ത അതിപ്രാകൃതമായ ഒരു അന്ധകാരയുഗത്തിലേക്ക് നാം നിപതിക്കും.

ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ചും ന്യൂനപക്ഷത്തിനും ദളിത് വിഭാഗങ്ങൾക്കും ജീവിതം സുരക്ഷിതമല്ലെന്ന് ആവർത്തിച്ച് ബോധ്യപ്പെടുത്തുംവിധമുള്ള നിരവധി സംഭവങ്ങളുണ്ടായി. എല്ലാവരെയും ഉൾക്കൊണ്ടു പോവുക എന്നതിന് പകരം വൈവിധ്യങ്ങളെ അടിച്ചമർത്തി മുമ്പോട്ടുപോവുക എന്ന പ്രവണത വർദ്ധിച്ചു വരികയാണ്.

ഇരുപത്തിരണ്ടുകാരനായ തബ്രേസ് അൻസാരിയെ മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം തല്ലിക്കൊല്ലുന്നതാണ് ഈയടുത്തിടെ ജാർഖണ്ഡിൽ കണ്ടത്. തബ്രേസ് അൻസാരിയെ 'മറ്റൊരു മതത്തിന്റെ ആരാധനാമൂർത്തിക്ക് ജയ് ' എന്നു വിളിക്കാൻ നിർബന്ധിക്കുകയും ഓരോ പ്രാവശ്യം വിളിച്ചു കഴിയുമ്പോഴും വീണ്ടും വിളിക്കാനായി പൊതിരെ തല്ലുകയും ചെയ്യുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. മൂന്നുവർഷത്തിനിടയിൽ ജാർഖണ്ഡിൽ മാത്രം ഉണ്ടായിട്ടുള്ള 18-ാമത്തെ ആൾക്കൂട്ട കൊലയാണ് തബ്രേസ് അൻസാരിയുടേത്.

2014-നുശേഷം ആൾക്കൂട്ട കൊലപാതകം മുമ്പത്തേതിനേക്കാൾ നാലിരട്ടി വർദ്ധിച്ചുവെന്നാണ് കണക്ക്. അവയിൽ ഭൂരിഭാഗവും ഗോരക്ഷകർ എന്നവകാശപ്പെടുന്നവർ നടത്തിയിട്ടുള്ളതാണ്. ഇത്തരം കുറ്റകൃത്യങ്ങൾ 2010-ൽ അഞ്ചുശതമാനമായിരുന്നത് 2017 ആകുമ്പോഴേക്കും 20 ശതമാനമായി ഉയർന്നു. പശു സംരക്ഷണവുമായി ബന്ധപ്പെട്ട് ആ വർഷങ്ങളിൽ കൊല്ലപ്പെട്ടത് 25 പേരാണ്.

ഉത്തർപ്രദേശിലെ ദാദ്രിയിൽ മാട്ടിറച്ചി കഴിക്കുകയും വീട്ടിൽ സൂക്ഷിക്കുകയും ചെയ്തുവെന്ന് ആരോപിച്ചാണ് അമ്പത് വയസ്സുകാരനായ മുഹമ്മദ് അഖ്ലാഖിനെ വീട്ടിൽ കയറി മർദ്ദിച്ചു കൊലപ്പെടുത്തിയത്. 2014-നുശേഷം വ്യാപകമായ ആൾക്കൂട്ട കൊലപാതക പരമ്പരയുടെ തുടക്കം അവിടെയായിരുന്നു.

അഖ്ലാഖിനെ വധിച്ച കേസിലെ പ്രതി ജയിലിൽ മരിച്ചപ്പോൾ മൃതദേഹത്തെ ദേശീയപതാക പുതപ്പിച്ചത് രാജ്യം ഞെട്ടലോടെയാണ് കണ്ടത്. അതേ സമയം അഖ്ലാഖിന്റെ കുടുംബാംഗങ്ങൾക്കെതിരെ മാട്ടിറച്ചി വീട്ടിൽ സൂക്ഷിച്ചു എന്ന വ്യാജ കുറ്റം ചുമത്തി കേസെടുക്കുകയും അഖ്ലാഖിനെ ആക്രമിച്ച 15 പേർക്ക് എൻ.ടി.പി.സി.യിൽ തൊഴിൽ നൽകുകയും ചെയ്തു. ആൾക്കൂട്ട കൊലപാതകങ്ങൾക്ക് ഉത്തരവാദിയായവർ ശിക്ഷിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, അവർക്ക് അധികാരസ്ഥാനങ്ങളിൽനിന്ന് പ്രോത്സാഹനം ലഭിക്കുന്നു എന്നാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്.

പെഹ്ലുഖാന്റെ കേസിൽ ജയ്പൂർ മേളയിൽ നിന്ന് പശുക്കളെ വാങ്ങിയതിന്റെ രസീത് ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ സഹോദരനും സുഹൃത്തുക്കൾക്കുമെതിരെ അനധികൃതമായി പശുവിനെ കടത്തിയെന്ന കേസാണ് രജിസ്റ്റർ ചെയ്തത്. അദ്ദേഹത്തെ കൊന്ന പ്രതികൾ മുഴുവൻ രാജസ്ഥാനിൽ കുറ്റവിമുക്തമാക്കപ്പെടുകയും ചെയ്തു.

ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും ആദിവാസികൾക്കുമെതിരെ തങ്ങൾക്കുള്ള അധികാരം വ്യക്തമാക്കാനും പൊതുസമൂഹത്തിൽ അവർക്ക് സ്ഥാനമില്ല എന്ന് ഉറപ്പിക്കാനുമുള്ള സങ്കുചിത-വർഗ്ഗീയ ശക്തികളുടെ ഉപാധിയാണ് ആൾക്കൂട്ട കൊലകൾ എന്നാണ് ഇതിൽ നിന്നൊക്കെ മനസ്സിലാക്കേണ്ടത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സദാചാര കൊലപാതകങ്ങളും ദുരഭിമാനഹത്യയും നടക്കുന്നത് ഈ ദുരവസ്ഥയുടെ തീവ്രത വർദ്ധിപ്പിക്കുന്നു.

ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന വിധത്തിൽ നിയമം കൈയിലെടുക്കുന്ന നടപടി ഉൽക്കണ്ഠ ഉളവാക്കുന്നു എന്നു പറഞ്ഞുകൊണ്ട് സുപ്രീംകോടതി തന്നെ കേന്ദ്ര സർക്കാരിനും ഉത്തർപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, മഹാരാഷ്ട്ര, കർണാടക എന്നീ സംസ്ഥാനങ്ങൾക്കും നോട്ടീസ് അയച്ചിരുന്നു. മറ്റു നിയമവിരുദ്ധ സംഘടനകളെ പോലെ ഗോരക്ഷാ സംഘങ്ങളെ എന്തുകൊണ്ട് നിരോധിച്ചുകൂടാ എന്നാണ് സുപ്രീംകോടതി ആരാഞ്ഞത്.

അധികാരത്തിന്റെയും പണത്തിന്റെയും പിൻബലമുണ്ടെങ്കിൽ നിയമം കൈയിലെടുക്കാമെന്നും ആരെയും എന്തും ചെയ്യാമെന്നുമുള്ള ചിന്ത രാജ്യത്ത് വളരുന്നത് രാഷ്ട്രസുരക്ഷയ്ക്കുതന്നെ ഭീഷണിയാണ്. ഇന്ത്യയുടെ വൈവിധ്യവും അഖണ്ഡതയും സംരക്ഷിക്കാനും ഓരോ ഇന്ത്യക്കാരന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്താനും ആൾക്കൂട്ട കൊലപാതകങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ട്. എല്ലാ മനുഷ്യരുമൊന്നാണ് എന്ന ചിന്ത പരക്കെ ഊട്ടിയുറപ്പിച്ചുകൊണ്ട് മാത്രമേ വർഗ്ഗീയ വിദ്വേഷത്തെയും അത് സൃഷ്ടിക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങളെയും ഇല്ലാതാക്കാനാവൂ.

'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം' ചൂണ്ടിക്കാട്ടിത്തന്ന ശ്രീനാരായണഗുരുവിന്റെ നാടായ കേരളത്തിന് ഇന്ത്യയ്ക്കാകെ മനുഷ്യത്വത്തിന്റേതായ, വിവേകത്തിന്റേതായ, സ്നേഹസാഹോദര്യങ്ങളുടേതായ വഴി പറഞ്ഞുകൊടുക്കാൻ പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. എല്ലാവരും ആത്മസഹോദരർ എന്ന സന്ദേശം മനുഷ്യരാശിക്ക് നൽകിയ നാടാണിത്. ആ സന്ദേശം ഉൾക്കൊള്ളുന്ന ഒരാൾക്കും ആൾക്കൂട്ട കൊലപാതകം പോലെയുള്ളവയ്ക്കെതിരെ ചിന്തയുടെയും കർമ്മത്തിന്റെയും രംഗത്ത് ഇറങ്ങാതിരിക്കാനാവില്ല. ഫാസിസത്തിന്റെ കരിനിഴലുകൾ നമ്മുടെ ജനാധിപത്യ സമൂഹത്തിൽ വീഴുന്നതിന്റെ ലക്ഷണങ്ങൾക്കെതിരെ പ്രതികരിക്കാതിരിക്കാൻ നമുക്ക് കഴിയില്ല.

ആൾക്കൂട്ട കൊലപാതകം എന്ന മനുഷ്യത്വവിരുദ്ധമായ നിഷ്ഠൂരതയ്ക്കെതിരെ ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു. ഈ പ്രാകൃതത്വം അവസാനിപ്പിക്കണമെന്ന് ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്യുന്നു.

ഭേദഗതി ചെയ്ത പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

<u>നിയമനിർമ്മാണകാര്യം :</u>

(1) <u>2019-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, 2019-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ആർ. രാമചന്ദ്രൻ

ഡോ. എം. കെ. മുനീർ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞു. തുടർന്ന് 2019-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബിൽ സഭ വോട്ടിനിട്ട് പാസ്സാക്കി.

(2) 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി താഴെപ്പറയുന്ന അംഗങ്ങൾ സംസാരിച്ചു:

ഡോ. എൻ. ജയരാജ്

ശ്രീ. വി. ഡി. സതീശൻ

ശ്രീ. എം. ഉമ്മർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. അനിൽ അക്കര

ശ്രീ. കെ. എസ്. ശബരീനാഥൻ

ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു.

ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

Clause 1(2) shall be recast as follows:

"(2) Save as otherwise provided in this Act, it shall deemed to have come into force on the 1st day of April, 2019."

In the entry in column (2) against serial number 6 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the word "an" the word "any" shall be substituted.

In the entry in column (2) against the item A (a) of Serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word "lakhs" substitute the word "lakh".

In the entry in column (3) against item A (b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word "lakhs" substitute the word "lakh".

In the proviso to section 23 B(8) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the words "its interest" substitute the words " interest thereon".

In section 5A(1) proposed to be substituted in the Kerala Building Tax Act, 1975 by Clause 8(1), the symbol " " " shall be added at the end of the sentence.

In the proviso to section 37C (8) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the words "its interest" the words "interest thereon" shall be substituted.

In the proviso to Section 31A (8) proposed to be substituted in the Kerala Value Added Tax Act, 2003 by Clause 11(4), for the words "its interest" substitute the words "interest thereon ".

In Clause 12(1), for the figures, letters and word "31st March " the figures, letters and word "30th June " shall be substituted.

In Clause 13(1), for the words "there under" the word "thereunder" shall be substituted.

In Clause 14(4), for the words "there under" in the last line the word "thereunder" shall be substituted.

അവകാശലംഘന പ്രശ്നം :

1. താഴെപ്പറയുന്ന അവകാശലംഘന നോട്ടീസ് അവതരിപ്പിക്കുന്നതിന് അനുമതി നിഷേധിച്ചു:

പ്രളയദുരന്തം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 30-8-2018-ന് ചേർന്ന് പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്ക് മറുപടി പറയവേ കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും അതി തീവ്രമായ മഴ ഉണ്ടാകുമെന്ന മുന്നറിയിപ്പ് യഥാസമയം ലഭിച്ചില്ലെന്നും മുന്നറിയിപ്പുകളിൽ ന്യൂനത ഉണ്ടായിരുന്നുവെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞത് വസ്തുതാവിരുദ്ധമാണെന്നും ആയതിനാൽ ബഹു. മുഖ്യമന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു.മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ, 2018 ആഗസ്റ്റ് 30-ന് സഭയിൽ നടന്ന ചർച്ചയിൽ ഔദ്യോഗികമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്നും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്നോ ഏതെങ്കിലും വിവരങ്ങൾ മറച്ച് വയ്ക്കണമെന്നോ ഉള്ള യാതൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ലെന്നും അറിയിച്ചിരുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹു. അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2. ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘന നോട്ടീസുകൾ

20-5-2019-ലെ മെഡിക്കൽ കൗൺസിലിലെ കത്ത് പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സീറ്റ് സംവരണം അനുവദിച്ചത് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണെന്നും ആയത് അപേക്ഷിക്കേണ്ട സമയപരിധിയാണ് പ്രസ്തുത കത്ത് മുഖാന്തരം നീട്ടിയതെന്നിരിക്കെ ഗവൺമെന്റ് ഇക്കാര്യം മറച്ചുവച്ചുകൊണ്ട് സംസ്ഥാനത്ത് എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും സീറ്റ് വർദ്ധനവിന് അപേക്ഷിക്കാൻ അനുമതി നൽകിയെന്നും ഇക്കാര്യത്തിൽ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നിയമസഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഒരു അവകാശലംഘന നോട്ടീസ് സമർപ്പിച്ചിരുന്നു. ആയത് ചെയറിന്റെ പരിഗണനയിലാണ്.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

വൈകുന്നേരം 6.12-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifteenth Session**

# BULLETIN—PART I

(Brief Record of Proceedings )

*Thursday, July 4, 2019*

**No. 181**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question :*

Corrected answer and Statement to Unstarred Question No. 4414, dated 25-6-2019 of the Fifteenth Session of the Fourteenth Kerala Legislative Assembly was laid on the Table by Shri G. Sudhakaran, Minister for Public Works and Registration.

*Adjournment Motion :*

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri Shafi Parambil and three other Members regarding the serious situation that has arisen due to the reported increase in the cases of custodial tortures in the State.

In protest against the attitude of the Government in this matter the Members belonging to the opposition staged a walk out.

*Calling Attention :*

1. Shri C. K. Saseendran called the attention of the Chief Minister to the necessity to take steps to build houses for all homeless tribespeople and plantation workers in Wayanad District. The Chief Minister made a statement thereto.

KNPP. 844/2019(ii).